Rao Sahib C. J. Mathew *(Secretary to Government)*: They have definitely stated that they have not agreed to reserve seat for any province and any State in India.

Mr. K. T. Achuthan *(Mukundapuram-Ezhuvas)*: So Cochinites can also apply.

Rao Sahib C. J. Mathew *(Secretary to Government)*: There are already five Lady students there.

മിസ്സസ്സ് ടി. ഫ്രാൻസിസ്സ്: അതു് ഗവമ്മെണ്ടിന്റെ അറിവു കൂടാതെ ചേന്നിട്ടുള്ളതല്ലേ.

Rao Sahib C. J. Mathew *(Secretary to Government)*: They are taking in students independently of Government and among the students now studying there are 5 from Cochin.

VELLORE MEDICAL COLLEGE FOR WOMEN—SEATS IN

8. Mrs. T. Francis *(Ernakulam-Womens)*: Will Government be pleased to state.—whether they have tried to secure any seats for the candidates of Cochin State in the Vellore Medical College for Women, and if so, how many ?

Rao Sahib C. J. Mathew *(Secretary to Government)*:

Yes; the Government asked for the reservation of 2 seats. But the College authorities refused to make any reservation.

BUS FARE—RAISING ON ACCOUNT OF INCREASED TRAFFIC

9. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നു സദയം മറുപടി പറയുമോ.—

ട്രാഫിക്കു കൂടുതലുള്ള അവസരങ്ങളിൽ fare കൂട്ടുന്ന സമ്പ്രദായം തിരുവിതാംകൂറിലോ മദിരാശി സംസ്ഥാനത്തോ നടപ്പുണ്ടോ ?

മിസ്റ്റർ ബി. വി. കെ. മേനോൻ: പ്രധാനപ്പെട്ട ഉത്സവക്കാലങ്ങളിൽ കൂലിനിരക്കു കൂട്ടുന്നതിനെ ഉദ്ദേശിച്ചാണു് ചോദ്യമെങ്കിൽ ഈ സമ്പ്രദായം തിരുവിതാംകൂറിൽ നടപ്പുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഏതെല്ലാം ഉത്സവങ്ങൾക്കുണ്ടു്.

മിസ്റ്റർ ബി. വി. കെ. മേനോൻ: പൂരത്തിനുണ്ടാകാറുണ്ടു്. അതുപോലെ അധികം ആളുകൾ കൂടുന്ന മറ്റു് ഉത്സവങ്ങൾക്കും അങ്ങിനെ കൂട്ടാറുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എത്ര ഇരട്ടിയാണു് കൂട്ടുക?

മിസ്റ്റർ ബി. വി. കെ. മേനോൻ: ൫൦ %.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: എത്ര ദിവസത്തേക്കാണു് ഇങ്ങിനെ കൂട്ടുക പതിവു്?

മിസ്റ്റർ ബി. വി. കെ. മേനോൻ: സാധാരണയായി ആ ഉത്സവങ്ങൾക്കു് രണ്ടുദിവസം മുമ്പും ഉത്സവങ്ങൾ കഴിഞ്ഞു് രണ്ടുദിവസത്തേക്കുമാണു് പതിവു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സാധാരണ സർവ്വീസ്സു ബസ്സുകൾക്കാണോ, അതൊ സ്പെഷൽ ബസ്സുകൾക്കു് മാത്രമാണോ ഈ ചാർജ്ജു് കൂട്ടുന്നതു്.

മിസ്റ്റർ ബി. വി. കെ. മേനോൻ: ആ സമയത്തു് എല്ലാ ബസ്സുകൾക്കും ചാർജ്ജു് കൂട്ടും.

മിസ്റ്റർ പി. കെ. ഡീവർ: എന്താണു് അതിനു് കാരണം?

മിസ്റ്റർ ബി. വി. കെ. മേനോൻ: മടക്കം ടിപ്പിനു് ആൾ ഉണ്ടായിരിക്കയില്ല. ആ നഷ്ടം പരിഹരിക്കാൻ വേണ്ടിയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊടുങ്ങല്ലൂർ ഭരണിയുത്സവം മറ്റുത്സവങ്ങളുടെ മാതിരിയാണൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: ചോദ്യം മനസ്സിലായില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൊടുങ്ങല്ലൂർ ഭരണിഉത്സവം മറ്റു ഉത്സവങ്ങളുടെ കൂട്ടത്തിൽ പെട്ടിട്ടുള്ളതാണൊ? ഇതു കൂടുതൽ ദിവസം ഉണ്ടായിരിക്കുമെന്നു് ഗവർമ്മെണ്ടിനറിയാമൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: അതു കുറച്ചു ദിവസത്തേക്കുണ്ടായിരിക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അപ്പോൾ മടങ്ങിവരുന്ന ബസ്സിൽ ആളുകൾ ധാരാളം ഉണ്ടായിരിക്കയില്ലെന്നു് പറയാൻ കഴിയുമൊ?

മിസ്റ്റർ ബി. വി. കെ. മേനോൻ: കുറച്ചാളുകൾ ഉണ്ടായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly